# കേരള കാർഷിക സർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

**കാസറഗോഡ് -671310, rarspil@kau.in, 04672260632**


ബി3- 2050/2025

**തീയതി: 25.06.2025**

## ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ കാർഷിക ഉപയോഗത്തിനായി ഗുണമേന്മയുള്ളതും, ഉണങ്ങിയതുമായ **20 ടൺ ചാണകം** സപ്ലൈ ചെയ്യുന്നതിന് സീൽ ചെയ്ത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **ബി3-1259/2020** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **03.07.2025 ഉച്ചയ്ക്ക് 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **03.07.2025 ഉച്ചയ്ക്ക് 3.30 മണി** |
| ദർഘാസ് കാലാവധി | **1 വർഷം** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| നിരത ദ്രവ്യം | **1500/- രൂപ** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **ഗുണമേന്മയുള്ളതും ഉണങ്ങിയതുമായ ചാണകം സപ്ലൈ ചെയ്യുന്നതിനുള്ള ദർഘാസ്** |

**നിബന്ധനകൾ:**

1. പുറത്തെഴുത്ത് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസ് മേൽ സൂചിപ്പിച്ച വിലാസത്തിൽ **03.07.2025 ന് ഉച്ചയ്ക്ക് 3 മണിക്ക് മുമ്പായി എത്തിക്കേണ്ടതോ അയക്കേണ്ടതോ ആണ്.** ചാണകം കേന്ദ്രത്തിൽ എത്തിച്ചു നൽകുന്നതിനുള്ള നിരക്ക് ഒരു ടണ്ണിന് എത്ര എന്ന് ദർഘാസിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം രേഖപ്പെടുത്തിയ നിരക്കിന് ഒരു വർഷം വരെ പ്രാബല്യം ഉണ്ടായിരിക്കും.
2. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. കൃത്യ സമയത്ത് കിട്ടിയ ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്കുതന്നെ തുറക്കുന്നതും. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
3. വിജയിയായ ദർഘാസുകാരൻ കേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതു പ്രകാരം കേന്ദ്രത്തിലെ നിശ്ചിത സ്ഥലത്ത് ചാണകം എത്തിച്ച് ഇറക്കി നൽകേണ്ടതാണ്. ചാണകം ഉണങ്ങിയതും ഗുണനിലവാരം പുലർത്തുന്നതുമായിരിക്കണം. അനുവദനീയമായതിൽ കൂടുതൽ ഈർപ്പമോ, പുല്ലിന്റെ അവശിഷ്ടങ്ങളോ മറ്റ് മാലിന്യങ്ങളോ കാണുകയാണെങ്കിൽ നിരക്കിൽ അതനുസരിച്ച് കുറവു വരുത്തുന്നതായിരിക്കും.

4. വിജയിക്കുന്ന ദർഘാസുകാരൻ ആകെ തുകയുടെ 5% സെക്യൂരിറ്റി അടയ്ക്കേണ്ടതും, 200/- രൂപ മുദ്രപത്രത്തിൽ ഒരു കരാർ എഴുതിത്തരേണ്ടതുമാണ്.
5. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
6. ചാണക വളം തൃപ്തികരമായി സപ്ലൈ ചെയ്തതിനുശേഷം ആയതിനുള്ള ബിൽ ഹാജരാക്കിയാൽ തുക ബാങ്ക് അക്കൗണ്ട് മുഖേന അനുവദിക്കുന്നതായിരിക്കും. ചാണകത്തിന്റെ ഗുണനിലവാരം പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ.
7. ദർഘാസ് സ്വീകരിക്കുന്ന അവസാന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-

ഡോ.വനജ.ടി

അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. ശ്രീ.രതീഷ്.പി.കെ, അസോസിയേറ്റ് പ്രൊഫസർ
2. ശ്രീമതി.ഗീത.എം, ഫാം സൂപ്രണ്ട്
3. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
4. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ